Item Code: 639 Participant Code: 123

"ഈ വീഥിയിൽ ഏകയായ്"

വറുതിപ്പാട്ടിക്കൊഴിച്ചിട്ട കർക്കിടക-
മഴയൊഴിഞ്ഞില്ല മാനം തെളിഞ്ഞില്ല
വഴിവിളക്കുകൾ കത്താത്തിരുട്ടിന്റെ
തണുവിലീറനായൊറ്റയ്ക്കിരിപ്പൂ ഞാൻ
മഴയെടുത്തെന്റെ കുടിലും മലവെള്ള-
ക്കലിയെടുത്തെൻ കിനാക്കളുമൊടുവിലീ
തരിശുമണ്ണിൽ ഞാനൊറ്റയ്ക്കിരിക്കുമ്പോൾ
മിഴികളെന്തിനോ പെയ്യാൻ തുടങ്ങുന്നു
അരികിലില്ലെന്റെ അമ്മക്കിളി, നെഞ്ചിൻ-
തണലു തന്നൊരെന്നച്ഛൻ മരം
ഒപ്പമോടിക്കളിച്ച ചങ്ങാതിമാർ
ഒപ്പമുണ്ടു വളർന്ന സഹോദരർ
ഒക്കെയും രൗദ്രഭാവത്തിലെത്തിയ
പേമഴപ്പെയ്ത്തിലെങ്ങോ മറഞ്ഞുപോയ്
മഴയുഴുതിട്ട മണ്ണിൽ മരണത്തിൻ-
ചേറിലാണ്ടു പുതഞ്ഞെന്റെ-
സ്വപ്നങ്ങൾ ചിറകുതുന്നിപ്പിടിപ്പിച്ച ജീവിതം

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

മഴ മനോഹരം, കവിവാചകം
പക്ഷേ,
മരണതുല്യമീ ഏകാന്തത
മഴകനക്കുന്ന രാത്രിയിലൊറ്റയ്ക്ക്
ചെളികുഴഞ്ഞ മൺതിട്ടിലിരിക്കുന്നു...
ഏറെ നൊമ്പരം നെഞ്ചിൽ പിടഞ്ഞൊരീ
കണ്ണുനീർമഴ വീണ്ടും പൊഴിയവേ,
ഒന്നു ചോദിക്കുവാനുണ്ട് ബാക്കിയായ്...
ഒന്നു പറയുവാനിനിയുണ്ട് ബാക്കിയായ്...
എന്തിനെത്തി കവർന്നെന്റെ കനവുകൾ?
എന്തിനൂതിയണച്ചെന്റെ നിനവുകൾ?
എന്തിനായ് നീ പിഴുതെറിഞ്ഞിന്നലെ-
യന്തിയിലും നനച്ച നന്ത്യാർവട്ടം
ഇന്നലെപ്പാതിരാത്രിയിൽ മരണത്തിൻ-
കൈപിടിച്ചു നീയെത്തുവോളം.
ഏറെ സ്നേഹിച്ച കൂട്ടുകാരി നോവിൻ-
ചൂടു തന്നു തളർത്തിയതെന്തിനായ്?
അന്തമില്ലാത്ത തീമഴപ്പെയ്ത്തിലെൻ
ഉള്ളുപൊള്ളിച്ചുലച്ചതുമെന്തിനായ്?

Item Code: 639 Participant Code: 123

ഏകയായിന്നീ ഉമ്മറയോരത്തു ഞാൻ
സ്നേഹിതർക്കായി കാത്തുനിൽക്കുന്നു...

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).